ഉത്തരം

ശമ്പളകമ്മീഷൻ റിപ്പോർട്ട് സർക്കാർ അംഗീകരിച്ചതിനു ശേഷം മാത്രമേ ഗ്രാമപഞ്ചായത്തു സെക്രട്ടറി തസ്തിക ഏകീകരിക്കുന്നതു സംബന്ധിച്ച ശിപാർശ പരിശോധിക്കാനാകു.

പഞ്ചായത്ത് വകുപ്പിൽ ലോവർ ഗ്രേഡ് സെക്രട്ടറിമാരുടെ തസ്തിക

175(383) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സ്വയം മറുപടി നൽകുമോ :

(എ) പഞ്ചായത്ത് വകുപ്പിൽ ആകെ എത്ര ലോവർ ഗ്രേഡ് സെക്രട്ടറിമാരുടെ തസ്തിക നിലവിലുണ്ട് ; 20-12-2010-ൽ നിലവിൽ വന്ന ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാരുടെ റാങ്ക് ലിസ്റ്റിൽ നിന്ന് എത്ര പേരെ നിയമിച്ചാൽ ലോവർ ഗ്രേഡ് സെക്രട്ടറിമാരുടെ സംഖ്യ 40% നികത്തപ്പെടും എന്ന് വ്യക്തമാക്കുമോ ;

(ബി) സെക്രട്ടറിമാരുടെ കഴിഞ്ഞ റാങ്ക് ലിസ്റ്റിൽ (2003 ഫെബ്രുവരി മുതൽ 2006 ഫെബ്രുവരി വരെ നിലവിലുണ്ടായിരുന്നത്) നിന്നും എത്ര പേരെ നിയമിച്ചു ; ഇതിൽ NJD വേക്കൻസി എത്ര ; NJD വേക്കൻസിയിൽ എത്ര എണ്ണം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തു ; കഴിഞ്ഞ റാങ്ക് ലിസ്റ്റ് പ്രകാരം നിയമിക്കപ്പെട്ട ശേഷം എത്ര ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർ വിടുതൽ വാങ്ങി മറ്റു വകുപ്പുകളിലേക്കും മറ്റ് തസ്തികകളിലേയ്ക്കും പോയി എന്ന് വിശദമാക്കുമോ ;

(സി) ഇതുവരെ എത്ര ലോവർ ഗ്രേഡ് സെക്രട്ടറിമാരുടെ ഒഴിവുകൾ പി.എസ്.സി.-ക്ക് നിയമനത്തിനായി റിപ്പോർട്ട് ചെയ്തു, ഇനിയെത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്യാനുണ്ട് എന്നിവ വ്യക്തമാക്കാമോ ;

(ഡി) 2006-ൽ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്ത ശേഷം പിന്നിടുള്ള ഒഴിവുകൾ റിപ്പോർട്ട് ചെയ്യാത്തതിന്റെ കാരണം വ്യക്തമാക്കുമോ ;

(ഇ) സമയബന്ധിതമായി ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാത്ത വകുപ്പ് തലവന്മാർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) പഞ്ചായത്ത് വകുപ്പിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാരുടെ ആകെ 551 തസ്തികകൾ നിലവിലുണ്ട്. 20-12-2010-ൽ നിലവിൽ വന്ന സെക്രട്ടറിമാരുടെ റാങ്ക് ലിസ്റ്റിൽ നിന്നും 202 പേരെ കൂടി നിയമിച്ചാൽ 40% നികത്തപ്പെടും.

(ബി) 2006 ഫെബ്രുവരി വരെ നിലവിലുണ്ടായിരുന്ന റാങ്ക് ലിസ്റ്റിൽനിന്നും 269 പേർ ജോലിയിൽ പ്രവേശിച്ചിരുന്നു. പ്രസ്തുത ലിസ്റ്റിലെ

LIBRARY ARCHIVES Kerala Legislative Assembly

14 NJD ഒഴിവുകൾ പി.എസ്.സി. -ക്ക് റിപ്പോർട്ട് ചെയ്തിരുന്നു. മറ്റ് വകുപ്പുകളിലേക്ക് മാറിപോയവരുടെ കൃത്യമായ എണ്ണം ശേഖരിച്ചു വരുന്നു.എന്നാൽ ഇതേ വകുപ്പിൽ ഉദ്യോഗകയറ്റം വഴി 12 പേർ ഒഴികെ മറ്റുള്ളവരെല്ലാം ഗ്രാമ പഞ്ചായത്ത് സെക്രട്ടറി തസ്തികയിൽ നിന്നും മാറിയിട്ടുണ്ട്.

(സി) 99 ഒഴിവുകൾ റിപ്പോർട്ട് ചെയ്തിരുന്നു.നിലവിൽ NJD ഒഴിവുകൾ സഹിതം നിയമന ശിപാർശ ലഭിച്ചതിനാൽ 93 ഒഴിവുകൾ കൂടി ഇനി റിപ്പോർട്ട് ചെയ്യേണ്ടതുണ്ട്.

(ഡി) 2003-ൽ സെക്രട്ടറി തസ്തികയിലേക്ക് നടത്തിയ നേരിട്ടുള്ള നിയമനവും അതിനെ തുടർന്ന് ബഹു.ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത ഡബ്ലു.പി(സി) 28526/07 ലെ വിധിന്യായം നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ സ്വീകരിക്കേണ്ടി വന്നതിനാൽ 2008-ൽ കേഡർ സ്ട്രെങ്ത് നിശ്ചയിക്കുന്ന പ്രവർത്തനങ്ങൾ നടത്തുവാൻ സാധിച്ചിരുന്നില്ല. 2009 വർഷത്തിൽ നേരിട്ടു നിയമനത്തിനായുള്ള എണ്ണം കണ്ടെത്തുന്നതിനായി കേഡർ സ്ട്രെങ്ത് നിശ്ചയിച്ചപ്പോൾ മുമ്പ് റിപ്പോർട്ടു ചെയ്ത 94 ഒഴിവുകളിലേക്ക് നിയമനം നടക്കാത്ത സാഹചര്യത്തിൽ നേരിട്ട് നിയമനത്തിനായുള്ള എണ്ണത്തിൽ 191 പേരുടെ എണ്ണം കണ്ടെത്തി കേഡർ സ്ട്രെങ്ത് നിശ്ചയിച്ചിരുന്നു. ബഹു.സുപ്രീം കോടതിയുടെ സിവിൽ അപ്പീൽ നമ്പർ 595/2003,598/2003-ലെ വിധിന്യായം നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ സ്വീകരിക്കേണ്ടി വന്നതിനാൽ 2010-ൽ കേഡർ സ്ട്രെങ്ത് നിശ്ചയിക്കുന്ന പ്രവർത്തനങ്ങൾ നടത്തുവാൻ സാധിച്ചിരുന്നില്ല. റാങ്ക് ലിസ്റ്റ് നിലവിൽ വന്ന സാഹചര്യത്തിൽ നിലവിലുള്ള കേഡർ സ്ട്രെങ്ത് നിശ്ചയിച്ച് നേരിട്ട് നിയമനത്തിലേക്കായി ഇനി റിപ്പോർട്ട് ചെയ്യേണ്ട ഒഴിവുകളുടെ എണ്ണം കണ്ടെത്തി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ പുർത്തിയായി വരുന്നു. ആയതു പൂർത്തിയാകുന്ന മുറയ്ക്ക് 31-3-2011 തീയതി കണക്കിലെടുത്തും ബാക്കി ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതും തുടർ നടപടികൾ ചട്ടപ്രകാരം സ്വീകരിക്കുന്നതുമാണ്.

(ഇ) ഗ്രാമപഞ്ചായത്ത് സെക്രട്ടറി തസ്തിക ഒഴികെയുള്ള ബാക്കി തസ്തികകളിലെ ഒഴിവുകളെല്ലാം യഥാസമയം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. നിലവിൽ സെക്രട്ടറി തസ്തികയുടെ റാങ്ക് ലിസ്റ്റ് ഉള്ളതിനാൽ കേഡർ സ്ട്രെങ്ത് നിശ്ചയിച്ച് സെക്രട്ടറി തസ്തികയിൽ ബാക്കി ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.

യു.ഡി.സി.-മാരെ അക്കൗണ്ടന്റുമാരായി നിയമനം

176(384) ശ്രീ. യു. സി. രാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2010-ൽ ഗ്രാമപഞ്ചായത്തുകളിൽ പുതുതായി അക്കൗണ്ടന്റ് തസ്തിക സൃഷ്ടിച്ചിരുന്നോ ; എങ്കിൽ എത്രയെന്ന് വ്യക്തമാക്കുമോ ;

(ബി) നിലവിലുള്ള യു.ഡി.സി. മാരെയാണോ പരിശീലനം നൽകി ഇത്തരം തസ്തികകളിൽ നിയമിച്ചതെന്ന് വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly